# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3781

19.03.2018-ൽ
മറുപടിക്ക്

### രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

**ചോദ്യം**

**ശ്രീ.എം. സ്വരാജ്**

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

എ) സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകളെല്ലാം സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ;

എ) സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

ബി) സർക്കാർ കെട്ടിടങ്ങളിലല്ലാതെ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കുമോ;

ബി) രജിസ്ട്രേഷൻ വകുപ്പിൽ നിലവിൽ 106 സബ് രജിസ്ട്രാർ ആഫീസുകൾ, 4 ജില്ലാ രജിസ്ട്രാർ ആഫീസുകൾ, 2 ജില്ലാ രജിസ്ട്രാർ ആഡിറ്റ് ആഫീസുകൾ, 2 മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെ ആഫീസുകൾ ഉൾപ്പെടെ 114 രജിസ്ട്രാർ ആഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. അതിൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ രജിസ്ട്രാർ ജനറൽ, ജില്ലാ രജിസ്ട്രാർ ഓഡിറ്റ്, മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലുടെ ഓഫീസ്, അമാൽഗമേറ്റഡ് സബ് രജിസ്ട്രാറുടെ ഓഫീസ് തുടങ്ങിയ ആഫീസുകൾ ഒരേ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

1. തിരുവനന്തപുരം - 20
2. കൊല്ലം - 9
3. പത്തനംതിട്ട - 8
4. ആലപ്പുഴ - 7
5. കോട്ടയം - 14
6. ഇടുക്കി - 4
7. എറണാകുളം - 6
8. തൃശ്ശൂർ - 6
9. പാലക്കാട് - 7
10. മലപ്പുറം - 13
11. കോഴിക്കോട് - 12
12. വയനാട് - 4
13. കണ്ണൂർ - 3
14. കാസറഗോഡ് - 1

**ആകെ - 114**

| | |
|---|---|
| സി) എല്ലാ രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി യും നിലവിലുണ്ടോ; | സി) ഡി) ഉണ്ട്; രജിസ്ട്രേഷൻ വകുപ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഭൂമി ലഭ്യമായവയും, നിലവിൽ സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കാലപ്പഴക്കം കൊണ്ട് ശോച്യാവസ്ഥയിലായതും, സ്ഥല പരിമിതിയുള്ളതുമായ കെട്ടിടങ്ങൾക്കും പകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ ചിലവിൽ 52 ഓഫീസുകളുടെ നിർമ്മാണത്തിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്ത് ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നവയാണ്. |
| ഡി) ഉണ്ടെങ്കിൽ ഇവയുടെ വിശദവിവരം യും അറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**